പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 435 07.01.2014 -ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.- പെൻഷൻകാരുടെ പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് നിലവിൽ പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടോ ; പെൻഷൻ മുടങ്ങിയാൽ ഇവർ എങ്ങനെ ജീവിക്കും എന്നത് ബോധ്യപ്പെട്ട് എന്തു പരിഹാരമാണ് കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; പെൻഷൻകാരുടെ പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ? | പല മാസങ്ങളിലും പെൻഷൻ നൽകാൻ വൈകാറുണ്ടെങ്കിലും 2013 നവംബറിലെ പെൻഷൻ 19.12.2013-ൽ പൂർണ്ണമായി നൽകി. ഡിസംബറിലെ പെൻഷൻ 8500/- രൂപ വരെ വരുന്നവർക്ക് പൂർണ്ണമായും, ബാക്കിയുള്ളവർക്ക് 8500/- രൂപ വീതം 24.12.2013-ൽ വിതരണം ചെയ്തു.<br>കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. അതിനാൽ തന്നെ പ്രതിമാസ വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പെൻഷൻ തുക നിശ്ചിത തീയതിയിൽ വിതരണം ചെയ്യുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനായി എൽ.ഐ.സി പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ